# കാലിക്കറ്റ് സർവകലാശാല

## ധനകാര്യ വിഭാഗം (ആഭ്യന്തര ഓഡിറ്റ് )

7490/FIN-INT.AUDIT-1/2019/Fin 25.03.2019

### കാലിക്കറ്റ് സർവകലാശാല ആഭ്യന്തര ഓഡിറ്റ് വിഭാഗം സി.സി.എസ്.ഐ.ടി. കുറ്റിപ്പുറം ഓഫീസിൽ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട്

**ഓഡിറ്റർ 1 മനോജ് കുമാർ. ടി**

**2 സത്യനേശൻ .സി**

**സെക്ഷൻ ഓഫീസർ: രജനീദേവി. പി.കെ**

**തിയതി : 15.02.2019 & 16.02.2019**

കുറ്റിപ്പുറത്ത് ദെയ്റ ടവർ ( Deira Tower ) എന്ന കെട്ടിടത്തിലാണ് കാലിക്കറ്റ് സർവകലാശാലയുടെ സ്വാശ്രയ സ്ഥാപനമായ **CCSIT കുറ്റിപ്പുറം** പ്രവർത്തിച്ചു വരുന്നത്. MCA കോഴ്സിന് ഇവിടെ 12 കുട്ടികൾ മാത്രമാണ് നടപ്പുവർഷം പ്രവേശനം നേടിയിട്ടുള്ളത്. സ്ഥാപനം പൊതുവെ നഷ്ടത്തിൽ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുന്നു.
ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർവകലാശാലാ സ്ഥാപനങ്ങളായ MBA സെന്ററും CCSIT യും ചേർന്ന് പ്രതിമാസം 82,500/- രൂപയാണ് വാടകയിനത്തിൽ നൽകി വരുന്നത്.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ : ശ്രീ. നിസാർ അഹമ്മദ്**

**ആഭ്യന്തര ഓഡിറ്റിന്റെ ഭാഗമായി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും രെജിസ്റ്ററുകളും പരിശോധിച്ചു.**

**1) ക്യാഷ് ബുക്ക്**

ക്യാഷ് ബുക്ക് പ്രകാരം 05.02.2019 തിയ്യതിക്കു നീക്കിയിരിപ്പ് തുക 1,43,445/-,ബാങ്ക് സ്റ്റെമെന്റ് പ്രകാരം 77,951/-,വ്യത്യാസം 65,494/-
സ്ഥാപനമേധാവി ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തി ഒപ്പുവെക്കുന്ന പതിവില്ല.കൃത്യമായ ഇടവേളകളിൽ ക്യാഷ് ബുക്കിലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി ഐക്യപ്പെടുത്തി സ്റ്റെമെന്റ് പ്രകാരം വ്യത്യാസമുള്ള തുകയുടെ വിശദമായ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തി ഒപ്പുവെക്കേണ്ടതാണ്.

ദൈനംദിന ഇടപാടുകൾ SBI കുറ്റിപ്പുറം ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 67146650547 വഴിയാണ് നടത്തുന്നത്.

ഇ ഗ്രാന്റ്സ് ഇടപാടുകൾക്കായി SBI എടപ്പാൾ ബ്രാഞ്ചിലെ കറന്റ് അക്കൗണ്ട് നമ്പർ 31634521897 ആണ് ഉപയോഗിക്കുന്നത്.

***31. 01. 2019 തിയ്യതിക്ക് രണ്ടു അക്കൗണ്ടുകളിലും കൂടി നീക്കിയിരിപ്പ് തുക 2,50,028/-രൂപയാണ്. ക്യാഷ് ബുക്ക് പ്രകാരം 1 ,36 ,445 /- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ബാങ്കുമായി ഐക്യപ്പെടുത്തിയതിൽ 1,146 / - രൂപയുടെ വ്യത്യാസം ഉണ്ട് എന്ന് കാണുന്നു.വ്യത്യാസം വന്ന തുക സംബന്ധിച്ച വിശദവിവരം ആഭ്യന്തര ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.***

**2) പി എ അനുവദനീയമായ തുക** ആവശ്യപ്പെട്ടു വാങ്ങുന്ന പതിവില്ല. ദൈനംദിന ആവശ്യങ്ങൾക്കായി സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ സ്വന്തം കൈയിൽനിന്നും പണമെടുത്ത് ചെലവ് ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. എന്നാൽ ഇക്കാര്യത്തിൽ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ പണം ചെലവഴിച്ച് കണക്കുകൾ സൂക്ഷിക്കണം എന്ന് നിർദേശിച്ചു.

**3) കോഷൻ ഡെപ്പോസിറ്റ്** വിദ്യാർത്ഥികളിൽ നിന്ന് സ്വീകരിക്കുന്നതും മടക്കിനൽകുന്നതും സംബന്ധിച്ച കണക്കു സൂക്ഷിപ്പിനായി പ്രത്യേക രജിസ്റ്റർ (CD രജിസ്റ്റർ) സൂക്ഷിക്കുന്നില്ല.

**2010 അഡ്മിഷൻ മുതൽ 2015 അഡ്മിഷൻ വരെ 39 വിദ്യാർത്ഥികൾക്കായി ആകെ 72.000/- രൂപ കോഷൻ ഡെപ്പോസിറ്റ് ഇനത്തിൽ മടക്കിനൽകാനുണ്ടെന്നു കാണുന്നു.**

**4) സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിവെക്കേണ്ട**

**ഇങ്കുബെന്റ്‌രജിസ്റ്റർ** സൂക്ഷിക്കുന്നില്ല.

**5) അസെഷൻ രജിസ്റ്റർ**

14:09:2017 തിയ്യതിക്ക് കാലിക്കറ്റ് സർവകലാശാല പബ്ളിക്കേഷൻ ഡിവിഷനിൽ നിന്നും വാങ്ങിയ ബിൽ നമ്പർ 4871 പ്രകാരം പുസ്തകങ്ങൾ ഉൾപ്പെടെ 1299 പുസ്തകങ്ങൾ സ്റ്റോക്ക് ഉള്ളതായി കാണുന്നു.ലൈബ്രറിയിൽ പുസ്തകം വിതരണം ചെയ്യുന്നതു രേഖപ്പെടുത്തുന്ന രെജിസ്റ്ററിൽ 24.04.2016 ൽ നൽകിയ പുസ്തകം നമ്പർ 1068 (Compilers -Aho) തിരിച്ചുകിട്ടിയതായി രേഖപ്പെടുത്തിയിട്ടില്ല.

**6) ഓഡിറ്റ് രജിസ്റ്റർ**

വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട പരാമർശങ്ങളും തടസ്സവാദങ്ങളും ആയതിന്മേൽ കൈക്കൊണ്ട നടപടികൾ, നിലനിൽക്കുന്ന തടസ്സവാദങ്ങൾ എന്നിവയും രേഖപ്പെടുത്തി ഒരു രജിസ്റ്റർ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

**7)**ഹാജർ പുസ്തകം, **8)**സ്റ്റോക്ക് രജിസ്റ്റർ, **9)**അഡ്മിഷൻ രജിസ്റ്റർ, **10)** ചെക്കുപയോഗിച്ചുള്ള ക്രയ വിക്രയങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ പരിശോധിച്ചു. അപാകതകളില്ല.

Suresh K.K

Finance Officer